**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള ചിക്കൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി വിപണിയിലെ കോഴിയിറച്ചിയുടെ വില നിയന്ത്രിച്ച് നിർത്തുവാൻ സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള ചിക്കൻ പദ്ധതി വഴി കുടുംബശ്രീക്ക് പൊതു വിപണിയിലെ ഇറച്ചിക്കോഴി വില നിയന്ത്രിച്ച നിർത്തുവാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ, കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഇറച്ചിക്കോഴിയുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ടി കമ്പനിയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി നിലവിൽ 94 കേരള ചിക്കൻ ഔട്ട് ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. ടി ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്ന സ്ഥലത്ത് പ്രാദേശിക തലത്തിൽ വില നിയന്ത്രിക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.<br>പൊതുവിപണിയെക്കാൾ വില കുറച്ച കുടുംബശ്രീ കേരള ചിക്കൻ ഔട്ട് ലെറ്റുകൾ വഴി ഇറച്ചിക്കോഴി വിപണനം നടത്തുന്നതിനാൽ പ്രാദേശിക തലത്തിൽ മറ്റു പ്രൈവറ്റ് ഔട്ട് ലെറ്റുകളും ഇറച്ചിക്കോഴി വില കുറയ്ക്കേണ്ടി വരുന്ന സാഹചര്യമുണ്ടാക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവയുടെ പങ്കാളിത്തം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കെപ്കോ-ബ്രീഡർ ഫാം, ഡ്രൈ റെൻഡറിങ് പ്ലാന്റ്, ചിക്കൻ പ്രോസസ്സിംഗ് പ്ലാന്റ് എന്നിവയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ- ഡ്രൈ റെൻഡറിങ് പ്ലാന്റ്, ചിക്കൻ പ്രോസസ്സിംഗ് പ്ലാന്റ് എന്നിവയും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കെപ്കോയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. |
| (സി) | കേരള ചിക്കൻ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന കോഴിയിറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | തീറ്റ, വാക്സിനേഷൻ, ബയോസെക്യൂരിറ്റി നടപടികൾ തുടങ്ങിയ മാനേജ്മെന്റ് രീതികൾ ശാസ്ത്രീയമായി നടപ്പിലാക്കുകയും, SLMAP (സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ്)-എറണാകുളം വഴി കൂടുതൽ ഗുണനിലവാര പരിശോധനകൾ നടത്തുകയും ചെയ്യുക വഴി ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.<br><br>എം.പി.ഐ-യുടെ കീഴിൽ അത്യാധുനിക രീതിയിലുള്ള പ്ലാന്റ് സ്ഥാപിച്ച് ശാസ്ത്രീയമായ രീതിയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാരുടെയും ഫുഡ് ടെക്നോളജിസ്റ്റുകളുടെയും മൈക്രോബയോളജിസ്റ്റുകളുടെയും മേൽനോട്ടത്തിൽ നടത്തുന്ന കോഴിയിറച്ചി സംസ്കരണം ഭക്ഷ്യസുരക്ഷാനിയമങ്ങൾ പാലിച്ചാണ് നടത്തുന്നത്. ഇതുവഴി, കോഴിയിറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നു. |
| (ഡി) | കോഴി വളർത്തൽ മേഖലയിൽ ഇതര സംസ്ഥാന ഹാച്ചറി ഉടമകളുടെ മേൽക്കോയ്മ കുറയ്ക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് കൂടുതൽ ഹാച്ചറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കോഴി വളർത്തൽ മേഖലയിൽ ഇതര സംസ്ഥാന ഹാച്ചറികളുടെ മേൽക്കോയ്മ കുറയ്ക്കുന്നതിന്റെ ഭാഗമായി കെപ്കോയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംസ്ഥാനത്ത് ബ്രീഡർ ഫാമുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ ഹാച്ചറികളിലും കോഴിക്കുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ